# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 2165 — 22.01.2014-ൽ മറുപടിയ്ക്ക്

### വനവൽക്കരണം പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. സി . മോയിൻകുട്ടി | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പ് മന്ത്രി) |
| എ) വനവൽക്കരണത്തിന്റെ ഭാഗമായി സർക്കാർ ഓഫീസുകളിലും, സ്കൂളുകളിലും ആശുപത്രികളിലും ലഭ്യമായ സ്ഥലങ്ങളിൽ മരങ്ങൾ വച്ചുപിടിപ്പിക്കുന്നതിന് ഉദ്ദേശ്യമുണ്ടോ ; എങ്കിൽ അതിന് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം എന്തെല്ലാമാണെന്ന് വിശദമാക്കുമോ ; | എ) ഉണ്ട്. നഗര വനവൽക്കരണ പദ്ധതിയിൽ ഉൾപ്പെടുത്തി എറണാകുളം ജില്ലയിലെ 6 വിദ്യാഭ്യാസ സ്ഥാപനങ്ങളിലും, വയനാട് ജില്ലാ കളക്ടറേറ്റിലും ഇതിനകം വൃക്ഷത്തൈകൾ വച്ചുപിടിപ്പിച്ചിട്ടുള്ളതാണ്. റിസർവ്വ് വനങ്ങൾ ഒഴികെയുള്ള സർക്കാർ ഭൂമികളിലും, സ്വകാര്യ കൈവശ സ്ഥലങ്ങളിലും വൃക്ഷവൽക്കരണം നടത്തുന്നതിലേക്ക് ഹരിതകേരളം പദ്ധതിയിൽ ഉൾപ്പെടുത്തി വൃക്ഷത്തൈ വിതരണം നടത്തി വരുന്നതു കൂടാതെ സ്കൂളുകൾ, കോളേജുകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, പത്രമാധ്യമങ്ങൾ, സാമൂഹ്യ സംഘടനകൾ, എൻ.എസ്.എസ്., എൻ.സി.സി., സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് എന്നിങ്ങനെയുള്ള സംഘടനകൾ, രാഷ്ട്രീയ സംഘടനകൾ, സർക്കാരിതര സംഘടനകൾ, മതസംഘടനകൾ എന്നിവ മുഖേന ടി വൃക്ഷത്തൈകൾ ഉപയോഗിച്ച് അവരുടെ ആഭിമുഖ്യത്തിൽ സർക്കാർ ഓഫീസുകളിലും, സ്കൂളുകളിലും ആശുപത്രികളിലും നടത്തിവരുന്ന വൃക്ഷവൽക്കരണ പരിപാടിയിൽ പങ്കാളിയാകുന്നതല്ലാതെ ഇക്കാര്യത്തിലേക്കുള്ള മറ്റ് പദ്ധതികൾ നിലവിൽ സാമൂഹ്യവനവൽക്കരണ വിഭാഗം നടപ്പിലാക്കി വരുന്നില്ല. |

തിരുവനന്തപുരം, കോട്ടയം എന്നീ ടൗണുകളിൽ അർബൺ ഫോറസ്ട്രിയിൽ ഉൾപ്പെടുത്തി സർക്കാർ ഓഫീസുകളിലും, സ്കൂളുകളിലും, ആശുപത്രികളിലും ലഭ്യമായ എല്ലാ സ്ഥലങ്ങളിലും സമഗ്രമായ വൃക്ഷവൽക്കരണം ഇക്കൊല്ലം മുതൽ നടത്തുന്നതിന് സംവിധാനം ഏർപ്പെടുത്തി വരുന്നുണ്ട്.

ഡി) ചെടികൾ വച്ച് പിടിപ്പിക്കുന്നതിനോടൊപ്പം അതിന്റെ പരിപാലനത്തിനും ആവശ്യമായ സംവിധാനമേർപ്പെടുത്തുമോ ?

ഡി) നിലവിൽ വൃക്ഷത്തൈ വിതരണം ചെയ്യുക, ടി വൃക്ഷത്തൈകൾ നടുന്നതിനും, പരിപാലിക്കുന്നതിനും വേണ്ട ഉപദേശവും, മാർഗ്ഗനിർദ്ദേശവും നൽകുക എന്നിവ മാത്രമേ വനം വകുപ്പിൽ നിന്നും ചെയ്തുവരുന്നുള്ളൂ. ടി തൈകളുടെ പരിപാലനത്തിനാവശ്യമായ സംവിധാനം ഏർപ്പെടുത്തേണ്ട ത് ബന്ധപ്പെട്ട സ്ഥാപനമോ, അതുമായി ബന്ധപ്പെട്ടവരോ ആണ്

Ajith B

സെക്ഷൻ ഓഫീസർ